**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ടൂറിസം പോളിസിയുടെ ഭാഗമായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഇറിഗേഷൻ ടൂറിസം പോളിസിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ഇറിഗേഷൻ ടൂറിസം പദ്ധതി എങ്ങും ആരംഭിച്ചിട്ടില്ല. പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ **₹25.412** കോടി രൂപയുടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി, പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ **₹161.00** കോടി രൂപയുടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി എന്നിവ നടപ്പിലാക്കാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കാഞ്ഞിരപ്പുഴ ഡാമിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ **₹161.00** കോടി രൂപയുടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി നടപ്പിലാക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. എഫ്. എസ്. ഐ. ടി. റീഡിഫൈൻ ഡെസ്റ്റിനേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞിരപ്പുഴ ഡാം ഇറിഗേഷൻ ടൂറിസം പദ്ധതിയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 3 ശതമാനം സർക്കാരിന് ലഭിക്കും. 2 വർഷം കൊണ്ട് പദ്ധതി ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച്, 30 വർഷത്തേക്കാണ് പദ്ധതി നടത്തിപ്പ് കാലയളവ്. ആയതിന്റെ അടിസ്ഥാനത്തിൽ കരാർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ